## ഇഖ്‌വാന്റെ ഘടനാപരിഷ്‌കരണം ആരംഭിച്ചു

**ഈജിപ്തിലെ** ഇഖ്‌വാൻ നേതൃത്വം നേരത്തെ നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്ന പാർട്ടിയുടെ ഘടനാപരിഷ്‌കരണം ആരംഭിച്ചു. ഇഖ്‌വാന്റെ ഉപാധ്യക്ഷന്മാരിലൊരാളായ എഞ്ചിനീയർ ഖൈറത്ത് ശാത്വിറിനാണ് ഇതിന്റെ ചുമതല. ഇഖ്‌വാന്റെ പോഷക ഘടകങ്ങളുടെയും സ്ഥാപനങ്ങളുടെയും അണികളുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ടിരിക്കുകയാണ്. ആറ് മാസങ്ങൾക്കകം ഘടനാ പരിഷ്‌കരണത്തിന്റെ കരട് സമർപ്പിക്കുമെന്നാണ് അറിയുന്നത്.



● ഖൈറത്ത് ശാത്വിർ

"ജയിൽ പീഡനങ്ങളുടെയും രാഷ്ട്രീയ ഒറ്റപ്പെടുത്തലുകളുടെയും കുടുസ്സിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ പുതിയൊരു തുറസ്സിലേക്ക് സംഘടന പ്രവേശിച്ചിരിക്കുകയാണ്. ആ മാറ്റത്തെ ഉൾക്കൊള്ളാൻ സംഘടനാ ചട്ടക്കൂടിൽ പരിഷ്‌കരണം അനിവാര്യമാണ്. നയരൂപവത്കരണ വേദികളിൽ യുവാക്കൾക്ക് കൂടുതൽ ഇടം നൽകുന്ന വിധത്തിലാവും ഘടന മാറ്റിപ്പണിയുക"-ഖൈറത്ത് ശാത്വിർ പറഞ്ഞു.

## ഇസ്മാഈൽ ഉമർ മൂന്നാമതും

**ഇസ്മാഈൽ** ഉമർ ഗുല്ലെ തന്നെയാണ് ജിബൂത്തിയിൽ മൂന്നാം തവണയും പ്രസിഡന്റ്. തെരഞ്ഞെടുപ്പിൽ അദ്ദേഹം ബഹുഭൂരിപക്ഷം നേടിയെന്നാണ് ഔദ്യോഗിക വിശദീകരണം. 1999 മുതൽ ഇദ്ദേഹം പ്രസിഡന്റാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇദ്ദേഹത്തിന് 79 ശതമാനവും പ്രതിപക്ഷ സ്ഥാനാർഥി മുഹമ്മദ് വർസമക്ക് 20 ശതമാനവും വോട്ടാണത്രെ കിട്ടിയത്. കൃത്രിമം നടക്കുന്നുവെന്ന് ആരോപിച്ച് മുഖ്യ പ്രതിപക്ഷ കക്ഷികൾ തെരഞ്ഞെടുപ്പ് ബഹിഷ്‌കരിച്ചിരുന്നു.



● ഇസ്മാഈൽ ഉമർ ഗുല്ലെ

'തെരഞ്ഞെടുക്കപ്പെട്ട' ശേഷം ഗുല്ലെ പ്രഖ്യാപിച്ചിരിക്കുന്നത് താൻ അടുത്ത തവണ പ്രസിഡന്റ് തെരഞ്ഞെടുപ്പിന് ഇല്ല എന്നാണ്. ഇത് ജനരോഷം തണുപ്പിക്കാനുള്ള തന്ത്രമാണെന്നും ആജീവനാന്തം ആ പദവിയിൽ തുടരാനാണ് ഗുല്ലെയുടെ ശ്രമമെന്നും പ്രതിപക്ഷം ആരോപിച്ചു.

## ഇറാനെതിരെ വീണ്ടും വൈറസ് ആക്രമണം




**സൈബർ** ലോകത്ത് ഇറാനിയൻ സ്ഥാപനങ്ങൾക്ക് നേരെ ആസൂത്രിതമായ വൈറസ് ആക്രമണങ്ങൾ നടക്കുന്നുണ്ടെന്ന് ഉയർന്ന സൈനിക വക്താവ് ഗുലാം റിദാ ജലാലി പറഞ്ഞു. 'സ്റ്റാർസ്' എന്നാണ് വൈറസിന് പേരിട്ടിരിക്കുന്നത്. ഇതിനെ ചെറുക്കാൻ ഇറാനിയൻ വിദഗ്ധർ ശ്രമിച്ചുവരികയാണ്. സാങ്കേതിക തകരാറുകളാൽ പ്രവർത്തനം ഭാഗികമായി നിലച്ച ബൂശഹ്‌റിലെ ആണവോർജ നിർമാണശാലയാണ് വൈറസ് നിർമാതാക്കളുടെ ലക്ഷ്യമെന്ന് കരുതപ്പെടുന്നു.

കഴിഞ്ഞ വർഷം 'സ്റ്റക്‌സ്‌നെറ്റ്' എന്ന പേരിൽ ഇതുപോലൊരു വൈറസ് ആക്രമണത്തിൽ ഇറാനിലെ പല വ്യവസായ യൂനിറ്റുകളുടെയും കമ്പ്യൂട്ടർ സംവിധാനങ്ങൾ അവതാളത്തിലാവുകയുണ്ടായി. അമേരിക്കയും ഇസ്രയേലുമാണ് ഇതിന് പിന്നിലെന്ന് അന്ന് ഇറാൻ ആരോപിച്ചിരുന്നു.

## ലിപെന്നിനെ വെറുതെ വിട്ടു

**ഫ്രാൻസിൽ** മുസ്‌ലിംകൾക്കെതിരെ വിദ്വേഷമിളക്കിവിടുന്ന പോസ്റ്ററുകൾ അടിച്ചിറക്കിയതിന് വിചാരണ നേരിടുന്ന തീവ്രവലതുപക്ഷ പാർട്ടിയുടെ നേതാവ് ഴാങ് മരി ലിപെന്നിനെ കോടതി വെറുതെ വിട്ടു. വർണവെറിക്കെതിരെ പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് കോടതിയെ സമീപിച്ചത്. കഴിഞ്ഞ മാർച്ചിൽ നടന്ന ഫ്രഞ്ച് മുൻസിപ്പൽ തെരഞ്ഞെടുപ്പിലായിരുന്നു ഇത്തരം പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടത്.



● ഴാങ് മരി ലിപെൻ

അൾജീരിയൻ പതാക കൊണ്ട് പൊതിഞ്ഞ ഫ്രാൻസിന്റെ ഭൂപടത്തിന് സമീപം മൂടുപട(നിഖാബ്)മണിഞ്ഞ ഒരു സ്ത്രീ നിൽക്കുന്ന ചിത്രമാണ് പോസ്റ്ററിൽ. പശ്ചാത്തലത്തിൽ പള്ളി മിനാരങ്ങളെ, തൊടുത്തുവിടാൻ പാകത്തിൽ ഒരുക്കിനിർത്തിയ മിസൈലുകളായി ചിത്രീകരിച്ചിരിക്കുന്നു. 'ഇസ്‌ലാമൈസേഷൻ അനുവദിക്കില്ല' എന്ന കൂറ്റൻ തലക്കെട്ടും. ഇന്റർനെറ്റിലും ഈ പോസ്റ്റർ വ്യാപകമായി പ്രചരിച്ചിരുന്നു. ഇതിനെതിരെ അൾജീരിയയിൽ പ്രകടനങ്ങൾ നടക്കുകയുണ്ടായി.

# 'കനത്ത സുരക്ഷ'യുടെ കണ്ണ് വെട്ടിച്ച് താലിബാന്റെ തുരങ്കനിർമാണം

**അഫ്ഗാനിസ്താനിലെ** തെക്കൻ നഗരമായ ഖൻദഹാറിലെ പ്രധാന ജയിലിലേക്ക് തുരങ്കം നിർമിച്ച് താലിബാൻ 476 തടവുകാരെ മോചിപ്പിച്ചു. നഗരത്തിൽ നിന്ന് ജയിലിലേക്ക് 320 മീറ്റർ നീളത്തിൽ തുരങ്കമാണ് നിർമിച്ചത്. കനത്ത സുരക്ഷയിലാണ് ഖൻദഹാറിലെ സർപ്പോസ ജയിൽ. പക്ഷേ, തുരങ്ക നിർമാണത്തെക്കുറിച്ച് സൂചന പോലും അധികൃതർക്ക് ലഭിച്ചില്ല. രക്ഷപ്പെട്ട തടവുകാരിൽ നൂറോളം പേർ അമേരിക്ക പിടികൂടിയ താലിബാൻ നേതാക്കളാണ്.

2008-ൽ താലിബാൻ സർപ്പോസ ജയിൽ ആക്രമിച്ച് 900 തടവുകാരെ മോചിപ്പിച്ചിരുന്നു. ഇതിനെത്തുടർന്ന് കനത്ത സുരക്ഷയാണ് ജയിലിന് ഏർപ്പെടുത്തിയിരുന്നത്. പത്ത് വർഷത്തെ പോരാട്ടത്തിന് ശേഷവും താലിബാനെ ഒതുക്കാൻ സഖ്യസേനക്കായിട്ടില്ലെന്നതിന്റെ തെളിവായാണ് സംഭവത്തെ നിരീക്ഷകർ കാണുന്നത്. അന്താരാഷ്ട്ര സഹായങ്ങൾ വേണ്ടുവോളം ലഭിച്ചിട്ടും കർസായ് ഗവൺമെന്റ് എത്രത്തോളം ദുർബലമായിട്ടുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു.



● *സർപ്പോസ ജയിൽ*

## ഇസ്വാം ശറഫ് സുഊദിയിൽ



● *ഇസ്വാം ശറഫ്*

**പുതുതായി** ചുമതലയേറ്റ ഈജിപ്ഷ്യൻ പ്രധാനമന്ത്രി ഇസ്വാം ശറഫ് ഗൾഫ് സന്ദർശനത്തിന്റെ ഭാഗമായി സുഊദിയിൽ എത്തി. ഖത്തറും കുവൈത്തും അദ്ദേഹം സന്ദർശിക്കുന്നുണ്ട്. ഒരു വിദഗ്ധ സംഘവും അദ്ദേഹത്തെ അനുഗമിക്കുന്നു. ആറ് വർഷത്തെ ഇടവേളക്ക് ശേഷമാണ് ഇസ്വാം സുഊദിയിലെത്തുന്നത്. അറബ് ലോകത്തെ അറിയപ്പെടുന്ന അക്കാദമീഷ്യരിൽ ഒരാളായ ഇസ്വാം രിയാദിലെ സുഊദ് യൂനിവേഴ്സിറ്റിയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ പ്രഫസറായി ജോലി ചെയ്തിട്ടുണ്ട്.

ഈജിപ്തിന്റെ ബിസിനസ് പങ്കാളികളിൽ ഒന്നാം സ്ഥാനത്താണ് സുഊദി അറേബ്യ. ഈജിപ്തിൽ 2355 സുഊദി കമ്പനികളുണ്ടെന്നാണ് കണക്ക്. ഈജിപ്തിലെ ടൂറിസം മേഖലയിൽ വർഷംപ്രതി സുഊദി ചെലവഴിക്കുന്നത് 500 മില്യൻ ഡോളർ. ഇരു രാഷ്ട്രങ്ങളും തമ്മിലുള്ള വ്യാപാര ഇടപാടുകൾ 4.4 ബില്യൻ ഡോളറിലെത്തിനിൽക്കുന്നു. പത്ത് ബില്യൻ ഡോളറിന്റെ സുഊദി മുതൽമുടക്കും ഈജിപ്തിലുണ്ട്.

## അമേരിക്ക പിന്മാറിയാലും സൈന്യം അവിടെത്തന്നെ!

**അമേരിക്കൻ** പ്രസിഡന്റ് ബറാക് ഒബാമ വാക്ക് കൊടുത്ത പോലെ, ഈ വർഷാവസാനം ഇറാഖിൽ നിന്ന് അമേരിക്കൻ സേന പിന്മാറിയാലും സേനയുടെ ഒരു ഭാഗം അവിടെത്തന്നെ കാണുമെന്ന് അമേരിക്കൻ പ്രതിരോധ സെക്രട്ടറി റോബർട്ട് ഗേറ്റ്സ്. *ന്യൂയോർക്ക് ടൈംസാണ്* വാർത്ത റിപ്പോർട്ട് ചെയ്തത്. രണ്ടോ മൂന്നോ വർഷം അമേരിക്കൻ സൈന്യത്തിന്റെ ഒരു ഭാഗം ഇറാഖിൽ തങ്ങിയേക്കും. ഇറാഖ്-അമേരിക്കൻ ചർച്ചകളിലൂടെയാണ് ഇതിന്റെ കാലപരിധി നിർണയിക്കേണ്ടത്.

ഇറാഖിലെ മൗസിലിലെത്തിയ ഗേറ്റ്സ്, മസ്ഊദ് ബാർസാനി പോലുള്ള കുർദ് നേതാക്കളുമായി സംസാരിച്ച ശേഷമാണ് ഇക്കാര്യം വെളിപ്പെടുത്തിയത്. അമേരിക്കൻ സൈന്യത്തിന്റെ സാന്നിധ്യം കൂടാതെ കഴിയില്ല എന്ന് സ്വന്തം വരുതിയിലുള്ള ഇറാഖി നേതാക്കളെക്കൊണ്ട് പറയിച്ചാവും സൈന്യത്തെ നിലനിർത്താനുള്ള തന്ത്രം ആവിഷ്കരിക്കുക.

